**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2650** **22-01-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2016 മേയ് മാസത്തിന് ശേഷം എത്ര കോളനികൾക്കാണ് അനുമതി നൽകിയത്; എത്ര ലക്ഷം രൂപ വീതമാണ് ഓരോ കോളനിയ്ക്കും അനുവദിക്കുന്നത്; | (എ) | പട്ടികജാതി വികസന വകുപ്പിൽ 427 കോളനികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെയും അനുവദിച്ച തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2017-18 വർഷം 101 കോളനികൾ തെരഞ്ഞെടുത്തിരുന്നു. ആയതിൽ 7 കോളനികൾ വിവിധ കാരണങ്ങളാൽ അനുയോജ്യമല്ലാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ശേഷിക്കുന്ന 94 കോളനികളിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷം 61 കോളനികൾ തെരഞ്ഞെടുത്തിരുന്നു. ഓരോ കോളനികളിലും പരമാവധി 1 കോടി രൂപ വരെ ചെലവഴിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വ്യവസ്ഥയുണ്ട്. |
| (ബി) | അനുവദിച്ച കോളനികളിൽ ഇതിനകം എത്ര കോളനികളിൽ പദ്ധതി പൂർത്തിയാക്കി? | (ബി) | പട്ടികജാതി വികസന വകുപ്പിൽ 2016- 2017 സാമ്പത്തിക വർഷം അനുവദിച്ച 248 കോളനികളിൽ 52 കോളനികളിലും 2018-19 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 80 കോളനികളിൽ ഒരു കോളനിയുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിരുന്ന പട്ടികവർഗ്ഗ കോളനികളിൽ 3 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2016 മെയ് മാസത്തിനുശേഷം തെരഞ്ഞെടുത്ത കോളനികളുടെ എണ്ണവും അനുവദിച്ച തുകയും**

| വർഷം | അനുവദിച്ച കോളനികളുടെ എണ്ണം | ഓരോ കോളനിയ്ക്കും അനുവദിച്ച തുക |
|---|---|---|
| 2016 (മെയ് മുതൽ)-2017 | 248 | 1 കോടി രൂപ (ഒരു കോളനിയ്ക്ക്) |
| 2018-19 | 80 | എസ്റ്റിമേറ്റിന് പരിധി നിശ്ചിയിച്ചിട്ടില്ല (പ്രളയത്തിൽ തകർന്ന പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തിയിരുന്നു) |
| 2019-20 | 90 | 50 ലക്ഷം രൂപ (ഒരു കോളനിയ്ക്ക്) |
| 2020-21 | 9 | ഒരു കോടി രൂപ (ഒരു കോളനിയ്ക്ക്) |

**സെക്ഷൻ ഓഫീസർ**